**പതിനാറാം കേരളനിയമസഭ**

**രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1747** **16-10-2026-ൽ മറുപടിയ്ക്ക്**

**<u>വനിതാ ശിശുവികസന വകുപ്പിലെ തസ്തികകളിൽ ലിംഗസമത്വം</u>**

**<u>ചോദ്യം ഉന്നയിച്ച അംഗങ്ങൾ</u>** **<u>മറുപടി നൽകിയ മന്ത്രി</u>**

ശ്രീ. ജി. സുധാകരൻ

ശ്രീമതി ബിന്ദു കൃഷ്ണ
(തൊഴിൽ, മൃഗസംരക്ഷണ – വനിതാ ശിശു
വികസന വകുപ്പ് മന്ത്രി)

**(എ)** വനിതാ ശിശുവികസന വകുപ്പിൽ ഐ.സി.ഡി.എസ്.സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ, ജില്ലാതല ഐ.സി.ഡി.എസ്. സെൽ പ്രോഗ്രാം ഓഫീസർ, വനിതാ സംരക്ഷണ ഓഫീസർ, ശിശു സംരക്ഷണ ഓഫീസർ തുടങ്ങിയ തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ, ഇപ്രകാരം പൊതുസേവനത്തിലെ തസ്തികകൾ ഒരു ലിംഗവിഭാഗത്തിലുള്ളവർക്ക് മാത്രമായി പരിമിതപ്പെടുത്തുന്നതിന് ആധാരമായ നിയമവ്യവസ്ഥകളും സർക്കാർ ഉത്തരവുകളും ഏതൊക്കെയാണ്;

**<u>മറുപടി:</u>** വനിതാ-ശിശുവികസന വകുപ്പിലെ ICDS സൂപ്പർവൈസർ, ശിശുവികസന പദ്ധതി ഓഫീസർ (CDPO), വനിതാ സംരക്ഷണ ഓഫീസർ എന്നീ തസ്തികകൾ സ്ത്രീകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ട്. പ്രോഗ്രാം ഓഫീസർ തസ്തിക CDPO തസ്തികയുടെ പ്രൊമോഷൻ തസ്തിക ആയതിനാൽ പ്രസ്തുത തസ്തികയിലും നിലവിൽ വനിതകൾ മാത്രമാണ് ഉള്ളത്. ജില്ലാ വനിതാ ശിശുവികസന ഓഫീസർ തസ്തിക സ്ത്രീകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടില്ല.

GO(P) No. 29/92/SWD, dtd 05.08.1992 പ്രകാരം ICDS സൂപ്പർവൈസർ തസ്തിക സ്ത്രീകൾക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നു. കേന്ദ്ര ഗവൺമെന്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ GO(P) No. 35/2002/SWD, dtd 31.12.2002 പ്രകാരമാണ് ശിശുവികസന പദ്ധതി ഓഫീസർ തസ്തിക സ്ത്രീകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുള്ളത്. " ഗാർഹിക അതിക്രമത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമം, 2005" പ്രകാരം സേവനങ്ങൾ നടപ്പിലാക്കുന്നതിനായി നിയമിതരായ വനിതാ സംരക്ഷണ ഓഫീസർമാർ വനിതകളായിരിക്കണമെന്ന് സ.ഉ (എം.എസ്) നം.67/2008/സാക്ഷേവ, തീയതി 02.12.2008 നമ്പർ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്. ശിശു സംരക്ഷണ ഓഫീസർ തസ്തികയിലേയ്ക്ക് പ്രോഗ്രാം ഓഫീസർ/CDPO തസ്തികയിൽ നിന്നുള്ള ഡെപ്യൂട്ടേഷൻ നിയമനം ആണ് നടത്തിയിരുന്നത്. നിലവിൽ പ്രസ്തുത തസ്തികയുടെ ചുമതല 'മിഷൻ വാത്സല്യ' മാർഗ്ഗനിർദ്ദേശങ്ങളിൽ നിഷ്കർഷിച്ചിട്ടുള്ള നിശ്ചിത യോഗ്യതകളുള്ള ജില്ലാ പ്രോഗ്രാം ഓഫീസർമാർക്കോ, ജില്ലാ പ്രോഗ്രാം ഓഫീസർമാർക്ക് നിർദ്ദിഷ്ട യോഗ്യതകൾ ഇല്ലാത്ത പക്ഷം വനിതാ സംരക്ഷണ ഓഫീസർമാർക്കോ നൽകുകയാണ് ചെയ്യുന്നത്. നിലവിൽ GO(P) No. 23/2010/SWD.dtd 30.03.2010, GO(P) No.54/2010/SWD, dtd 10.08.2010, GO (P) No. 77/2012/SJD dtd 27.12.2012, GO (P) No. 78/2012/SJD dtd 27.12.2012 നമ്പർ ഉത്തരവുകൾ പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിശേഷാൽ ചട്ടങ്ങളിലെ മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമനങ്ങളും പ്രൊമോഷനുകളും നടത്തിവരുന്നത്.

**(ബി)** ഭരണഘടനയുടെ അനുച്ഛേദം14,16(1) എന്നിവ ഉറപ്പുനൽകുന്ന തുല്യതയും പൊതുജനസേവനത്തിലെ തുല്യാവസരവും കണക്കിലെടുത്ത് പ്രസ്തുത തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയതിന്റെ ഭരണഘടനാപരമായ അടിസ്ഥാനം എന്താണെന്ന് വ്യക്തമാക്കുമോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(സി)** ഭരണഘടനയുടെ അനുച്ഛേദം 15(3)പ്രകാരം സ്ത്രീകൾക്കായി പ്രത്യേക വ്യവസ്ഥ ഏർപ്പെടുത്തുന്നതിനുള്ള അധികാരം ഉപയോഗിച്ചാണോ പ്രസ്തുത തസ്തികകൾ വനിതകൾക്ക് മാത്രമായി സംവരണം ചെയ്തിരിക്കുന്നത്; ആയതിന് നിയമോപദേശം ലഭിച്ചിട്ടുണ്ടോ;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഡി)** നിലവിൽ 1,200-ലധികം ഐ.സി.ഡി.എസ്. സൂപ്പർവൈസർ, 258 ശിശു വികസന പദ്ധതി ഓഫീസർ, 14 ജില്ലാ ഐ.സി.ഡി.എസ്. പ്രോഗ്രാം ഓഫീസർ, 14 വനിതാ സംരക്ഷണ ഓഫീസർ, 14 ശിശു സംരക്ഷണ ഓഫീസർ എന്നീ തസ്തികകൾ വനിതകൾക്ക് മാത്രമായി നിജപ്പെടുത്തിയിട്ടുണ്ടെങ്കിൽ, ഓരോ തസ്തികയും ഇപ്രകാരം പരിമിതപ്പെടുത്തുന്നതിനുള്ള ഭരണപരവും നിയമപരവുമായ പ്രത്യേക കാരണങ്ങൾ എന്താണ്;

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**(ഇ)** പ്രസ്തുത തസ്തികകളിൽ പുരുഷ ഉദ്യോഗാർത്ഥികൾക്ക് അപേക്ഷിക്കാനോ നിയമനം നേടാനോ പൂർണ്ണമായും വിലക്കേർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഈ വിലക്ക് ഭരണഘടനാപരമായ തുല്യാവസരത്തിന്റെ മാനദണ്ഡങ്ങളുമായി പൊരുത്തപ്പെടുന്നതാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; ഇതുസംബന്ധിച്ച് പുനഃപരിശോധന നടത്താൻ നടപടി സ്വീകരിക്കുമോ?

**<u>മറുപടി:</u>** മുൻ ഖണ്ഡികയിലെ ഉത്തരം

**സെക്ഷൻ ഓഫീസർ**